ആറ്റക്കോയതങ്ങൾ ഇന്ന് സ്ഥാനമേൽക്കും

കാഞ്ഞങ്ങാട്: കാഞ്ഞങ്ങാട് സംയുക്ത മുസ്ലിം ജമാഅത്ത് ഖാസിയായി അസ്സയ്യിദ് അബൂബക്കർ യു.കെ. ആറ്റക്കോയതങ്ങൾ അൽബുഖാരി ഇന്ന് (വ്യാഴം) സ്ഥാനമേൽക്കും. വൈകിട്ട് 4 മണിക്ക് കോട്ടച്ചേരി മുസ്ലിം യതീംഖാനാ പരിസരത്ത് 'മർഹും ഖാസി പി.എ. അബ്ദുല്ല മൗലവി നഗറിൽ നടക്കുന്ന ചടങ്ങിൽ കോഴിക്കോട് വലിയ ഖാസി സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയതങ്ങൾ ആറ്റക്കോയതങ്ങളെ സ്ഥാനവസ്ത്രമണിയിക്കും.

തുടർന്ന് സംയുക്ത മുസ്ലിം ജമാഅത്ത് പ്രസിഡണ്ട് സി.എച്ച്. അഹമ്മദ് അഷറഫ് മൗലവിയുടെ അദ്ധ്യക്ഷതയിൽ ഉള്ളാൾ ഖാസി സയ്യിദ് അബ്ദുൽ റഹിമാൻ കുഞ്ഞിക്കോയതങ്ങൾ പൊതുസമ്മേളനം ഉൽഘാടനം ചെയ്യും. കാസർകോട് സംയുക്ത ജമാഅത്ത് ഖാസി ടി.കെ.എം. ബാവ മുസ്ല്യാർ, തൃക്കരിപ്പൂർ സംയുക്ത ജമാഅത്ത് ഖാസി ചെറുശ്ശേരി കെ. [illegible]നുദ്ദീൻ മുസ്ല്യാർ, ചെമ്പിരിക്ക ഖാസി സി.എം. അബ്ദുല്ലമൗലവി, പള്ളിക്കര ഖാസി സി.എച്ച്. അബ്ദുല്ല മൗലവി, നീലേശ്വരം ഖാസി ഇ.കെ. മഹ്മൂദ്മൗലവി, അന്തരിച്ച ഖാസി പി.എ. അബ്ദുല്ല മൗലവിയുടെ പുത്രൻ പി. അഹമ്മദ് സഈദ് (മട്ടന്നൂർ) എന്നിവർ പ്രസംഗിക്കും.

കാഞ്ഞങ്ങാട്ടും പരിസരത്തുമുള്ള 69 മഹല്ല് ജമാഅത്തുകളുടെ കേന്ദ്ര സംഘടനയായ കാഞ്ഞങ്ങാട് സംയുക്ത മുസ്ലിം ജമാഅത്തിന്റെ പുതിയ ഖാസിയുടെ സ്ഥാനാരോഹണച്ചടങ്ങ് വമ്പിച്ച വിജയമാക്കാൻ ഒരുക്കങ്ങൾ പൂർത്തിയായതായി സ്വാഗതസംഘം ഭാരവാഹികൾ അറിയിച്ചു.

ഭാരവാഹികൾ

കാഞ്ഞങ്ങാട്: മാണിക്കോത്ത് മുസ്ലിം ജമാഅത്ത് ഭാരവാഹികൾ: വി.വി. ഉസ്മാൻ മൗലവി (പ്രസി), എം. കുഞ്ഞിമൊയ്തീൻ ഹാജി, എം.എൻ. മുഹമ്മദ് ഹാജി (വൈ: പ്രസി), എം. അബ്ദുൽറഹിമാൻ ഹാജി (സെക്ര), എൽ. അബ്ദുൽകരീം, കെ. അന്തുമായി (ജോ: സെക്ര), എം. കുഞ്ഞന്തുമാൻ ഹാജി (ട്രഷ), ഖാലിദ് പാലക്കി (ഓഡിറ്റർ).

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library